പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനായി സ്വകാര്യ മേഖലയ്ക്ക് പ്രോത്സാഹനം

198 (8259) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിൽ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനായി സ്വകാര്യമേഖലയ്ക്ക് പ്രോത്സാഹനം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ; ;

(സി) ആരെല്ലാമാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിനോദസഞ്ചാര മേഖലയിൽ സ്വകാര്യ മേഖലയ്ക്ക് പ്രോത്സാഹനം നൽകുന്ന വിധത്തിൽ പൊതു-സ്വകാര്യ-പങ്കാളിത്ത മാതൃകയിൽ വേളി പദ്ധതി കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.ടി.ഐ.എൽ.) മുഖേന ആവിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതുകൂടാതെ സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'എമർജിംഗ് കേരള' 2012-ന്റെ ഭാഗമായി വിനോദ സഞ്ചാര മേഖലയിൽ വിവിധ സ്വകാര്യ സംരംഭകരുടെ 44 പദ്ധതികളും സ്വകാര്യ മേഖലയിൽനിന്നും നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് 17 പദ്ധതികളും സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ഇതിനുപുറമേ തിരുവനന്തപുരം ജില്ലയിൽ ആക്കുളത്ത് ഒരു ഇന്റർനാഷണൽ കൺവെൻഷൻസെന്റർ PPP മോഡലിൽ ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതിക്കും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിനോദസഞ്ചാര മേഖലയിൽ വിവിധ സൗകര്യങ്ങൾ ഒരുക്കുന്നതിനായി പൂർണ്ണമായും സർക്കാർ നിക്ഷേപത്തെ മാത്രം ആശ്രയിക്കാതെ സന്നദ്ധരായ സ്വകാര്യ നിക്ഷേപകരെക്കൂടി പങ്കാളികളാക്കുക, ടൂറിസം രംഗത്ത് വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാരിനുള്ള പരിമിതികൾ മറികടക്കുന്നതിനായി സ്വകാര്യ മേഖലയുടെ വൈദഗ്ധ്യം ഉപയോഗപ്പെടുത്തുക തുടങ്ങിയ ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) പരിഗണനയ്ക്കായി പദ്ധതികൾ സമർപ്പിച്ചിട്ടുള്ള സ്വകാര്യ സംരംഭകരുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) എമർജിംഗ് കേരളയുമായി ബന്ധപ്പെട്ടുള്ള പദ്ധതികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെയാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പരിപാടിയുമായി ബന്ധപ്പെട്ട് ടൂറിസം രംഗത്തെ നോഡൽ ഏജൻസിയായി, കെ.ടി.ഐ.എൽ.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതികളുടെ പ്രാഥമിക പരിശോധനയ്ക്കായി ടൂറിസം സെക്രട്ടറി ചെയർമാനും കെ.ടി.ഐ.എൽ. മാനേജിംഗ് ഡയറക്ടർ കൺവീനറുമായി ഒരു വകുപ്പുതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ എമർജിംഗ് കേരളയിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള വിവിധപദ്ധതികൾ പരിശോധിച്ച് അംഗീകാരം നൽകുന്നതിനായി ഒരു ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മാലിന്യനിർമ്മാർജ്ജന പ്ലാന്റുകൾ

199 (8260) ശ്രീ. വർക്കല കഹാർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തെ പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആധുനിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഇതിനുവേണ്ടി ഉപയോഗപ്പെടുത്തുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly